# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1457 | 16.03.2015- ലെ മറുപടിക്ക്

### മിഷൻ 676

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.റ്റി.ജോർജ്<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. കെ.മുരളീധരൻ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവുംനോർക്കയും വകുപ്പുമന്ത്രി) |
| (എ) ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ മിഷൻ 676 പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) സംസ്ഥാന ആസൂത്രണബോർഡിൽ നിന്നും മിഷൻ 676 ൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധം I ൽ ചേർത്തിരിക്കുന്നു. |
| (ബി) എങ്കിൽ എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;വിശദാംശങ്ങൾ എന്തെല്ലാം; | (ബി) പദ്ധതികൾ കാര്യക്ഷമമായി ജനങ്ങൾക്ക് ഏറ്റം പ്രയോജനപ്രദമായി നടപ്പിലാക്കുക. സംസ്ഥാനത്തിന്റെ വികസനആവശ്യങ്ങൾ മുൻകൂട്ടി കണ്ട് അവ - കൈവരിക്കുന്നതിന് അവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുക. അടിസ്ഥാന സൗകര്യ വികസനം എന്നിവയാണ് മുഖ്യ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) എന്തെല്ലാം വകുപ്പുകളുടെ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) വകുപ്പ് അടിസ്ഥാനത്തിലല്ല ഈ പദ്ധതികൾ നടപ്പിലാക്കുന്നത്; എല്ലാ വകുപ്പുകളുടെ പദ്ധതികളും ഇതിൽ ഉൾപ്പെടും. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ഇത് സംബന്ധിച്ച വിവരം അനുബന്ധം II ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ.

# സംസ്ഥാന ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ മിഷൻ 676 ൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ

1. വാർഷിക പദ്ധതി നിർവ്വഹണ നിരീക്ഷണത്തിനുള്ള ഓൺലൈൻ സംവിധാനം (*Plan space*) കേരളത്തിലെ മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കുക.

2. കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും കേന്ദ്ര പദ്ധതികളുടെയും നിർവ്വഹണം നിരീക്ഷിക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുക.

3. ഭരണ നിർവഹണത്തിൽ വിവര സാങ്കേതിക വിദ്യയുടെ മികവ് പ്രയോജനപ്പെടുത്തുന്നതിനായി 2015-16 വാർഷിക പദ്ധതി മുതൽ പദ്ധതി നിർദ്ദേശങ്ങൾ ഓൺലൈനായി സംസ്ഥാന ആസൂത്രണ ബോർഡിൽ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുക.

4. കേരള പരിപ്രേഷ്യ പദ്ധതി – 2030 (Vision 2030) അംഗീകരിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുക.

5. സർവ്വീസിൽനിന്നും വിരമിച്ച വിദഗ്ധരുടെ വൈദഗ്ധ്യം സംസ്ഥാനത്തിന്റെ വികസനത്തിന് ഉപയോഗപ്പെടുത്താൻ രൂപീകരിച്ച കൺസോർഷ്യത്തിന്റെ പ്രവർത്തനം ആരംഭിക്കുക.

6. കേരള ഇൻഫ്രാസ്ട്രക്ച്ചർ ബിൽ കൊണ്ട് വരുക. ഇതോടൊപ്പം കേരള സ്റ്റേറ്റ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ബോർഡ് രൂപീകരിക്കുക.

7. ചരിത്രപരമായ വീക്ഷണത്തോടെ കാർഷിക മേഖലയിൽ നൂതന കണ്ടുപിടുത്തങ്ങൾ

അനുബന്ധം - II

വാർഷിക പദ്ധതി നിർവ്വഹണനിരീക്ഷണത്തിന് നിലവിലുള്ള ഓൺലൈൻ സംവിധാനം (Plan Space) കേരളത്തിലെ മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി സോഫ്റ്റ് വെയർ രൂപകല്പന പുരോഗമിച്ചുവരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും കേന്ദ്രപദ്ധതികളുടെയും നിർവ്വഹണം നിരീക്ഷിക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്രത്യേക സംവിധാനം ഏർപ്പെടുത്തുക എന്ന പദ്ധതി സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തും എന്നതിനാലും നിലവിലുള്ള സംവിധാനം പര്യാപ്തമായതിനാലും നടപ്പാക്കേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ട്.

2015-16 വാർഷികപദ്ധതിമുതൽ പദ്ധതിനിർദ്ദേശങ്ങൾ ഓൺലൈനായി സംസ്ഥാന ആസൂത്രണ ബോർഡിൽ സ്വീകരിക്കുക എന്ന പദ്ധതി പൂർത്തീകരിച്ചു. ഇതിനായി പ്രത്യേകം തുക ചെലവഴിച്ചിട്ടില്ല. ഓൺലൈൻ പദ്ധതി നിരീക്ഷണ സംവിധാനമായ പ്ലാൻ സ്പേസ് വഴിയാണ് ടി പദ്ധതി നടപ്പാക്കിയത്. ടി പദ്ധതി 2014 സെപ്റ്റംബർ 22 ന് ആരംഭിച്ചു. വിവിധ വകുപ്പുകൾക്ക്/നിർവ്വഹണ ഏജൻസികൾക്ക പദ്ധതി നിർദ്ദേശങ്ങൾ ഒക്ടോബർ 15 വരെ ഓൺലൈനായി സമർപ്പിക്കുന്നതിന് അവസരം നൽകിയിരുന്നു. ടി പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

"കേരള പരിപ്രേക്ഷ്യ പദ്ധതി 2030" ന് സംസ്ഥാനമന്ത്രി സഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പഞ്ചവൽസര പദ്ധതിയുമായും വാർഷിക പദ്ധതിയുമായും സംയോജിപ്പിച്ച്നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൃഷി അനുബന്ധ മേഖലകൾ, വ്യവസായം, ഗതാഗതം,വിദ്യാഭ്യാസം, ആരോഗ്യം,പരിസ്ഥിതി, ഗ്രാമ-നഗര വികസനം, വിവര സാങ്കേതിക വിദ്യ, വിനോദ സഞ്ചാരം, ജലവിഭവം, ശാസ്ത്ര സാങ്കേതികം, ഊർജ്ജം,തൊഴിലവസര സൃഷ്ടി, പ്രവാസികളും കുടിയേറ്റവും, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ വികസനം തുടങ്ങിയ മേഖലകൾക്ക് ടി പദ്ധതിയിൽ മുൻതൂക്കം നൽകിയിട്ടുണ്ട്.

സർവ്വീസിൽ നിന്നും വിരമിച്ചവരുടെ വൈദഗ്ദ്ധ്യം സംസ്ഥാനത്തിന്റെ വികസനത്തിന് ഗുണകരമാകും വിധം ഉപയോഗപ്പെടുത്തുന്നതിന് "കൺസോർഷ്യം ഓഫ് റിട്ടയേർഡ് എക്സ്പേർട്സ് ഫോർ ഡെവലപ്പ്മെൻ്റ് " എന്ന പേരിൽ ഒരു കമ്പനി രൂപീകരിക്കുന്നതാണെന്ന് മന്ത്രിസഭ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ കീഴിലായിരിക്കും കമ്പനി പ്രവർത്തിക്കുക. കേരള ഇൻഫ്രാസ്ട്രക്ച്ചർ ബിൽ കൊണ്ട് വരുക. ഇതോടൊപ്പം കേരള സ്റ്റേറ്റ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ബോർഡ് രൂപീകരിക്കുക എന്നീ കാര്യങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

ചരിത്രപരമായ വീക്ഷണത്തോടെ കാർഷികമേഖലയിലെ നൂതന കണ്ടുപിടിത്തങ്ങൾ എന്ന പദ്ധതിയുടെ ഒന്നാം ഘട്ടമായി സംസ്ഥാന ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ ജില്ലാടിസ്ഥാനത്തിൽ ലഭ്യമായ കർഷകരുടെ കണ്ടുപിടിത്തങ്ങൾ കൃഷി വിജ്ഞാന കേന്ദ്രങ്ങൾ മുഖേന ശേഖരിക്കുകയും വിശദമായ അവലോകനങ്ങൾക്കും വിദഗ്ദ്ധരുമായുള്ള ചർച്ചകൾക്കും സെമിനാറുകൾക്കും ശേഷം ഉരുത്തിരിഞ്ഞുവന്ന കണ്ടുപിടിത്തങ്ങൾ ക്രോഡീകരിക്കുകയുണ്ടായി. പല കണ്ടുപിടിത്തങ്ങളും വർഷങ്ങളുടെ ശ്രമഫലമായി നടത്തിയതും കാർഷികമേഖലയ്ക്ക് വളരെ പ്രയോജനപ്പെടുന്നവയുമാണ്. ഈ പഠനത്തിന്റെ അടുത്ത ഘട്ടമായി വിവിധ കാലഘട്ടത്തിൽ ഉരുത്തിരിഞ്ഞുവരുന്ന കണ്ടുപിടിത്തങ്ങൾ ക്രോഡീകരിക്കുവാൻ ലക്ഷ്യമിടുന്നു. കൃഷിയിലെ നൂതന രീതികളുടെ ചരിത്ര മാനങ്ങൾ,കൃഷിയുടെ ചരിത്രം,കാർഷിക ജൈവ വ്യവസ്ഥാ വികസനം എന്നിവ വിശദമാക്കുന്ന ഒരു രേഖ തയ്യാറാക്കുന്നതിന്, ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ഈ മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന ഏജൻസികൾ,ഗവേഷകർ,വിദഗ്ദ്ധർ എന്നിവരുടെ സഹകരണത്തോടെ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതാണ്. പഠനത്തിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും ഏകോപനത്തിനുമായി ഒരു ഉപദേശകസമിതിക്ക് രൂപം നൽകുന്നതാണ്.